മേൽപ്പാലങ്ങളുടെ പണി

300(1371) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൻ കീഴിൽ എത്ര മേൽപ്പാലങ്ങൾ പണിയുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ; അവ ഏതെല്ലാം;

(ബി) ഇതിനകം പണി ആരംഭിച്ചിട്ടുള്ളവ എത്ര ; പ്രഖ്യാപിക്കപ്പെട്ടവയിൽ ഇനിയും പ്രവൃത്തി ആരംഭിച്ചില്ലാത്തവയുണ്ടോ ;

(സി) ഫണ്ട് ലഭിക്കാത്തതുകാരണം പ്രവൃത്തി ആരംഭിക്കാനാവാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പ്രഖ്യാപിച്ചിട്ടില്ല. എന്നിരുന്നാലും 2013-2014-ലെ ബജറ്റ് പ്രസംഗത്തിൽ 40 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി 50 കോടി രൂപ വകയിരുത്തിയതായി പ്രഖ്യാപിച്ചിരുന്നു. ഈ 40 മേൽപ്പാലങ്ങളുടെ പേരുകൾ പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നില്ല. ഇതിനകം താഴെപ്പറയുന്ന 7 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ആർ.ബി.ഡി.സി.കെ. ഏറ്റെടുത്തിട്ടുണ്ട്.

	റെയിൽവേ മേൽപ്പാലം	നിയോജകമണ്ഡലം
1.	കുമാരനല്ലൂർ	കോട്ടയം
2.	മൂലേടം	കോട്ടയം
3.	ആളൂർമാള	ഇരിങ്ങാലക്കുട
4.	ഡിവൈൻനഗർ	ചാലക്കുടി
5.	കുഞ്ഞിപ്പള്ളി	വടകര
6.	അങ്ങാടിപ്പുറം	മങ്കട
7.	എരുർ	തൃപ്പൂണിത്തുറ

കൂടാതെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് പദ്ധതിയിൽപ്പെടുത്തി 3 മേൽപ്പാലങ്ങളുടെ പണികളും നടന്നുവരുന്നു.

(സി) ഇല്ല.

GPM. 2/239/2020-43

LIBRARY ARCHIVES Kerala Legislative Assembly